# എന്തുകൊണ്ട് ചില രോഗങ്ങൾക്ക് ചിലരുടെ ശരീരത്തോട് പ്രതിപത്തി? വൈദ്യശാസ്ത്ര നോബൽ – 2011


Dr. Bruce A. Beutler M.D.


Dr. Ralph Steinman M.D.


Dr. Jules A. Hoffmann Phd

**ഒ**രിനം വരയൻ ഈനാംപേച്ചി (Nine banded armadillo) ഒഴികെ മറ്റെല്ലാ ജീവികളും മനുഷ്യരിലെ 95 ശതമാനം പേരും കുഷ്ഠരോഗാണുവിനെതിരെ സ്വാഭാവികപ്രതിരോധം ഉള്ളവരാണ്. രോഗാണുവുമായുള്ള മുൻ സമ്പർക്കമോ ഔഷധപ്രയോഗമോ (ഉദാ. വാക്സിൻ, പ്രതിരോധ സിറം എന്നിവ) കൂടാതെ ജീവശരീരം പ്രകടിപ്പിക്കുന്ന ഈ പ്രതിരോധശേഷിയാണ് സഹജ പ്രതിരോധം (Innate immunity). വ്യത്യസ്ത കോണുകളിലുള്ള സമീപനങ്ങളിലൂടെ സഹജപ്രതിരോധത്തിന്റെ രഹസ്യങ്ങളുടെ ചുരുളഴിച്ച മൂന്ന് ഗവേഷകർക്കാണ് നോബൽ അസംബ്ലി ഈ വർഷത്തെ വൈദ്യശാസ്ത്രത്തിനുള്ള നോബൽ സമ്മാനം പ്രഖ്യാപിച്ചിരിക്കുന്നത്. ന്യൂയോർക്കിലെ റോക്ക്ഫെല്ലർ സർവ്വകലാശാലയിലെ **ഡോ. റാൽഫ് സ്റ്റീൻമാനും** ( Dr. Ralph Steinman) ഫ്രാൻസിലെ സ്ട്രാറ്റ്സ് ബെർഗ് സർവ്വകലാശാലയിലെ **ഡോ. ജൂൾസ് എ. ഹോഫ്മാനും** (Dr. Jules A. Hoffmann) ടെക്സാസ് യൂണിവേഴ്സിറ്റിയുടെ സൗത്ത് വെസ്റ്റേൺ മെഡിക്കൽ സെന്ററിൽ ഗവേഷകനായ **ഡോ. ബ്രൂസ് എ. ബ്യൂട്ട്ലറും** (Dr. Bruce A. Beutler) ആണ് സമ്മാന ജേതാക്കൾ. എന്നാൽ പകുതി സമ്മാനത്തുകയ്ക്കർഹനായ സ്റ്റീൻമാൻ ആഗ്നേയ ഗ്രന്ഥിയിലെ ക്യാൻസർമൂലം സമ്മാനപ്രഖ്യാപനത്തിന് രണ്ടുദിവസം മുൻപ് (സെപ്തംബർ 30ന്) ഈ ലോകത്തോട് വിടപറഞ്ഞു.

ക്യാനഡയിലെ മോൺട്രിയേൽ സ്വദേശിയായ സ്റ്റീൻമാൻ 1968 ൽ ഹാർവാർഡ് മെഡിക്കൽ സ്കൂളിൽ നിന്ന് എം.ഡി. ബിരുദമെടുത്ത ശേഷമാണ് ഗവേഷണത്തിന് ചേർന്നത്. സസ്തന ജീവികളുടെ തൈമസ് ഗ്രന്ഥിയിൽ രോഗപ്രതിരോധമുറകളഭ്യസിച്ച **ടി. ലസികാണുക്കളുടെ നേതൃത്വത്തിൽ** ( T lymphocytes ) പ്രതിരോധകോശങ്ങൾ (*വെളുത്ത രക്താണുക്കൾ*) രോഗാണുക്കളോട് പടയൊരുക്കം നടത്തുന്നതിന്റെ നിയന്ത്രണം ആർക്ക് എന്നതായിരുന്നു ഗവേഷണവിഷയം.

ലസികാഗ്രന്ഥികളിലെ '**ഡെൻഡ്രൈറ്റിക്**' കോശങ്ങളുടെ നിർദ്ദേശത്തിലാണിത് (Dendritic cells of lymph nodes), എന്നായിരുന്നു എലികളിൽ നടത്തിയ പരിക്ഷണങ്ങളിൽ നിന്നും അദ്ദേഹം എത്തിച്ചേർന്ന നിഗമനം; 1973 - ൽ ഇറങ്ങിയ എക്സ് പെരിമെന്റൽ മെഡിസിൻ ജേർണലിന്റെ ഒരു ലക്കത്തിൽ ഇക്കാര്യം അദ്ദേഹം പ്രസിദ്ധീകരിക്കുകയും ചെയ്തു (Journal of experimental medicine 1973; 137:1142 – 1162). എന്നാൽ വലിയൊരു വിഭാഗം ജീവശാസ്ത്രജ്ഞരും ഇതിനോട് യോജിച്ചില്ല. അതിനാൽ 1985 വരെയും ഇക്കാര്യം അദ്ദേഹത്തിന് പലരീത്യാ തെളിയിക്കേണ്ടിവന്നു. അപ്പോൾ വിമതർ അടുത്ത ചോദ്യമുയർത്തി- "ആരുടെ നിയന്ത്രണത്തിലാണീ ഡെൻഡ്രൈറ്റിക് കോശങ്ങൾ പ്രവർത്തിക്കുന്നത്?" അതിന് "**സഹജപ്രതിരോധ സംവിധാനത്തിന്റെ നിയന്ത്രണത്തിൽ**" എന്നു മറുപടി നിർദ്ദേശിക്കാൻ മാത്രമേ അദ്ദേഹത്തിന് സാധിച്ചുള്ളൂ. അതായത് ഈ സംവിധാനം എന്താണെന്നും, എവിടെ, ഏതു കോശത്തിലാണിതിന്റെ നിയന്ത്രണം എന്നുമുള്ള കാര്യങ്ങൾ തീർത്തും അജ്ഞാതമായിരുന്നു അന്ന് എന്നർത്ഥം.

**യഥാർത്ഥത്തിൽ, ഇക്കാര്യം പഴയീച്ചകളിൽ ആദ്യമായി വാസ്തവിക തലത്തിൽ** (factual level) **തെളിയിച്ചതാണ് ഹോഫ്മാനിന്റെ നോബൽ ഗവേഷണനേട്ടം.** ജനിതകജാതകത്തിലെ '**ടോൾ**'ജീനിന് (Toll gene) ഉൽപരിവർത്തനങ്ങൾ സംഭവിക്കുമ്പോൾ (Toll gene mutations) പഴയീച്ചകൾ എളുപ്പം രോഗാണുബാധകൾക്ക് വിധേയമാകുന്ന പ്രതിഭാസം അങ്ങനെ അദ്ദേഹം 1996 - ലെ 'സെൽ' ജേർണലിലൂടെ പ്രഖ്യാപിക്കുകയും ചെയ്തു. ടോൾജീനും അതു നിർമ്മിക്കുന്ന റിസപ്റ്റർ (ഇടനില) പ്രോട്ടീനും ആണ് അവയുടെ സഹജപ്രതിരോധശേഷിയെ നിശ്ചയിക്കുന്നത് എന്നാണ് ഇതിനർത്ഥം. ഇതോടെ സ്റ്റീൻമാന്റെ മുന്നിലെ ചോദ്യത്തിന് തത്വത്തിൽ ഉത്തരമായി. എന്നാൽ സങ്കീർണ്ണമായ ജനിതക - ശാരീരിക ഘടനയുള്ള സസ്തനികളുടെ സഹജപ്രതിരോധശേഷിയെ ഇങ്ങനെ ഒരൊറ്റ ജീനിനെ ആധാരമാക്കി വിശദീകരിക്കാനാവില്ല. അതിനാൽ സ്റ്റീൻമാന്റെ സംശയം ഒരു പാതിചോദ്യചിഹ്നമായി അപ്പോഴും തുടർന്നു; ഗവേഷകനായ ഹോഫ്മാനാകട്ടെ മലമ്പനി പരത്തുന്ന അനോഫിലസ് കൊതുകളെപ്പറ്റിയുള്ള ഗവേഷണങ്ങളിലേയ്ക്ക് തിരിയുകയും ചെയ്തു.

അങ്ങനെയിരിക്കെയാണ് 1998 ൽ സ്വന്തം സർവ്വകലാശാലയിലെ തന്നെ ഒരു ക്ലിനിക്കൽ ഡോക്ടറായ **ബ്യൂട്ട്ലർ**, ബാക്റ്റീരിയകളുടെ 'ലൈപോ പോളീ സാക്കറൈഡ്' വിഷപദാർത്ഥത്തിന്റെ മാരക സ്വഭാവത്തെക്കുറിച്ചുള്ള ഒരു പഠനഫലവുമായി രംഗത്തുവരുന്നത്. ഗ്രാം നെഗറ്റീവ് ബാക്റ്റീരിയകളുടെ ഈ വിഷത്തേക്കാൾ പ്രശ്നം അതിനോടുള്ള ശരീരത്തിന്റെ വൻപ്രതികരണമാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണം. വിഷം ശരീരത്തിൽ പ്രവേശിക്കുമ്പോഴേയ്ക്കും ശരീരത്തെക്കൊണ്ട് മാരകമാംവിധം വൻപ്രതികരണമുണ്ടാക്കാൻ (*shock*) ഇടനിലക്കാരനായി

പ്രവർത്തിക്കുന്ന ഒരു റിസപ്റ്റർ തന്മാത്രയെയും അദ്ദേഹം കണ്ടെത്തി – **ലൈപോ പോളീ സാക്കറൈഡ് സെൻസിങ്ങ് റിസപ്റ്റർ അഥവാ എൽ. പി. എസ്. റിസപ്റ്റർ** (Lipopoly sacharide sensing receptor/ LPS receptor); തുടർന്ന് വിശദാംശങ്ങൾ തിരഞ്ഞപ്പോൾ ടോൾ റിസപ്റ്ററുമായുള്ള സാമ്യം പുറത്തുവന്നതോടെ **ടോൾ സമാന റിസപ്റ്റർ** എന്ന് അതിന് പേര് മാറ്റിയിടുകയും ചെയ്തു. എന്നാൽ **ഇനി ടോൾജീൻ – റിസപ്റ്റർ മാറ്റങ്ങൾക്കനുസരിച്ച് പഴയീച്ചകളിലെ സഹജരോഗ പ്രതിരോധശേഷി മാറിമറിഞ്ഞു നിൽക്കും കണക്കെ ടോൾ സമാന റിസപ്റ്റർ – ജീൻ ഉൽപരിവർത്തനങ്ങൾക്കനുസരിച്ച് സസ്തനികളുടെ രോഗപ്രതിരോധശേഷിയിൽ മാറ്റങ്ങൾ പ്രകടമാണെന്ന് വന്നാലേ ഈ പുതിയ സങ്കേതത്തെ മനുഷ്യരിലെയും മറ്റുയർന്ന ജീവികളിലെയും സഹജപ്രതിരോധശേഷിയുടെ അടിസ്ഥാനമായി പൂർണ്ണമായിട്ടംഗീകരിക്കാൻ പറ്റൂ.** അതുതന്നെയായിരുന്നു ബ്യൂട്ട്ലർ സംഘത്തിന്റെ അടുത്ത ലക്ഷ്യവും. അധികം കാത്തിരിക്കാതെ തന്നെ അവർ ആ ലക്ഷ്യം കൈവരിച്ചു; സ്റ്റെയിൻമാന്റെ സംശയങ്ങൾക്ക് അങ്ങനെ വാസ്തവിക തലത്തിലുള്ള (*factual proof*) ഉത്തരവും കിട്ടി.

ശേഷം നാളിതുവരെയുള്ള ഗവേഷണങ്ങളിൽ നിന്നും ഒരു ഡസനോളം ടോൾ സമാന റിസപ്റ്ററുകളും, അനുബന്ധ റിസപ്റ്ററുകളും (Toll - like receptors and *related others ;* e.g., RIG-1 & Mda 5) അവയുടെ ഉൽപരിവർത്തിത വകഭേദങ്ങളും ( mutants) സസ്തനികളിലെ സഹജരോഗ പ്രതിരോധശേഷിയെ ഏറ്റവും പിന്നണിയിൽ നിന്നും നിയന്ത്രിക്കുന്നതായി പ്രായോഗിക തലത്തിൽ (*practical level*) തന്നെ നിസ്സംശയം തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്; അതായത് ഒരാളുടെ ശരീരത്തിൽ ഒരു രോഗാണുവോ, അന്യവസ്തുവോ (*ആന്റിജൻ*) എത്തിയാൽ അതിനോട് എങ്ങനെ എത്രമാത്രം പടയൊരുക്കം നടത്തണം, അഥവാ അതിനെ സഹിക്കണോ (immuno tolerance) എന്നൊക്കെ അയാളുടെ ടോൾ സമാന റിസപ്റ്റർ – ജനിതക സങ്കേതം തീരുമാനിക്കുമ്പോൾ, ഡെൻഡ്രൈറ്റിക് കോശങ്ങൾ അതിനനുസരിച്ച് ടി. ലസികാണുക്കളിലൂടെ സേനകളെ (*വെളുത്ത രക്താണുക്കളെ)* ഒരുക്കുകയോ ഒതുക്കുകയോ ചെയ്ത് അക്കാര്യം യഥാവിധി നടപ്പാക്കും (Adaptive immunity) എന്ന് ചുരുക്കം. വ്യക്തികളുടെ ജനിതക – ശരീരഘടനയിലുള്ള ഈ വ്യത്യാസങ്ങൾ തന്നെയാണ് സാംക്രമികരോഗങ്ങൾ മഹാമാരികൾ വിതയ്ക്കുമ്പോൾ (epidemics) പലർക്കും പല തോതിൽ, പലകാലത്തേയ്ക്ക് പീഡനമേൽക്കേണ്ടിവരുന്നതിന്റെ അടിസ്ഥാന രഹസ്യവും. അതിനാൽ **ടോൾ സമാന റിസപ്റ്റർ – ജനിതക സങ്കേതത്തെ** ആരോഗ്യകരമായ ദിശയിൽ നിയന്ത്രിക്കാൻ ഉതകുന്ന ഔഷധങ്ങൾ കൈവരും വരെ **ശുചിത്വവും, വാക്സിനുകളും ആന്റി ബയോട്ടിക്കുകളും തന്നെയാണ് എലിപ്പനി തുടങ്ങിയ സാംക്രമികരോഗങ്ങളുടെ കാര്യത്തിൽ ശരണം** എന്ന കാര്യമാണ് സഹജ പ്രതിരോധത്തെപ്പറ്റിയുള്ള പുതിയ വീക്ഷണം അറിയുമ്പോൾ ആദ്യം ബോധ്യമാകുന്ന ആരോഗ്യ തത്വം; എന്നാൽ ക്യാൻസർ, ഓട്ടോ ഇമ്മ്യൂൺ – വീക്കരോഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ള മരുന്നുകളെ ആശ്രയിക്കുകയേ തൽക്കാലം നിവൃത്തിയുള്ളൂ. എങ്കിലും ഇതിനെല്ലാമിടയിൽ

.....4

**ടോൾ സമാന റിസപ്റ്ററുകളുടെ ജനിതക സംവിധാനത്തെ** നേരിട്ടുതന്നെ നിയന്ത്രിക്കാൻ ശേഷിയുള്ള ഔഷധങ്ങൾ ഉരുത്തിരിയുന്നപക്ഷം എല്ലാ അസുഖങ്ങളുടെയും ചികിത്സാമേഖലയിൽ അങ്ങേയറ്റത്തെ ശുഭപ്രതീക്ഷയ്ക്ക് വകയുണ്ടെന്ന കാര്യത്തിൽ തർക്കമില്ല.

**ഡോ. പി.എസ്. വാസുദേവൻ**
പത്തോളജി വിഭാഗം, ഗവ: മെഡിക്കൽ കോളേജ്, തൃശൂർ




## Message of the Story :

The **Dendritic cell** is the **presidential interim**, *between* the immunological **constitution** (*i.e., Innate Immunity of a person*) and **execution** (*i.e., Adaptive immunity*; e.g. T. Cell organised immune respenses)

Editor